# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

20..10..2016 -ൽ

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം: 3648

മറുപടിയ്ക്ക്

## സ്ഥലം നൽകിയവർക്ക് ജോലി

| *ചോദ്യം*<br>ശ്രീ. പി.ടി.എ. റഹീം | *ഉത്തരം*<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ഐ.എച്ച്.ആർ.ഡി. മുതവല്ലൂർ, വാഴക്കാട് എന്നീ കേന്ദ്രങ്ങൾക്ക് സ്ഥലം നൽകിയവരുടെ ജോലി സ്ഥിരപ്പെടുത്തിക്കൊടുത്തിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) സ്ഥലം കൊടുത്തവരെയാണോ സ്ഥിരപ്പെടുത്തിയത് എന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) സ്ഥലം നൽകിയവരുടെ ആശ്രിതർക്കാണ് ജോലി നൽകിയിട്ടുള്ളത്. അക്കാലത്ത് നിലവിലുണ്ടായിരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി പരിശോധിച്ചാണ് പ്രസ്തുത നിയമനങ്ങൾ നൽകിയിട്ടുള്ളത്. |
| (സി) ഇതേ മാനദണ്ഡമനുസരിച്ച് കൊടുവള്ളി ഐ.എച്ച്.ആർ.ഡി.യ്ക്ക് സ്ഥലം നൽകിയവരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (സി) കൊടുവള്ളിയിലുള്ള ഐ.എച്ച്.ആർ.ഡി. സ്ഥാപനം അടച്ചു പൂട്ടിയതാണ്. സ്ഥലം നൽകിയവർക്ക് സ്ഥാപനം പൂട്ടിയതിനെത്തുടർന്ന് സ്ഥലം തിരികെ നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ ആവശ്യമുള്ളതായി കാണുന്നില്ല. |

(ഡി) താമരശ്ശേരി ഐ.എച്ച്.ആർ.ഡി. യിൽ പതിമൂന്ന് വർഷമായി പ്യൂൺ തസ്തികയിൽ ജോലി ചെയ്തുവരുന്ന മുഹമ്മദ് കെ. എന്നയാളെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

(ഡി) ബഹുമാനപ്പെട്ട സുപ്രീം കോടതി യുടെ 10-04-2006 -ലെ Appeal (Civil) No.3595-3612 of 1999 - State of Kerala V/s Uma Devi എന്ന കേസിലെ വിധിയനുസരിച്ച് 09-10-2006 -നു ശേഷം ദിവസ വേതന/കോൺട്രാക്ട് അടിസ്ഥാന ത്തിൽ സർക്കാർ വകുപ്പു കളിലോ, സർക്കാർ നിയന്ത്രിത സ്ഥാപന ങ്ങളിലോ ജോലിചെയ്യുന്നവരെ സ്ഥിരപ്പെടുത്താൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ സ്ഥിര പ്പെടുത്തുവാൻ നിലവിലുള്ള നിയമം അനുവദിക്കുന്നില്ല.

Raaf

*സെക്ഷൻ ഓഫീസർ*